ട്ടുകൊണ്ട് എന്ത് വിവാദമുണ്ടായാലും അത് രാഷ്ട്രീയ മുതലെടുപ്പിന് ഉപയോഗപ്പെടുത്താൻ പറ്റുമോ എന്ന് ചിന്തിച്ചുപോകുക സ്വാഭാവികമാണ്. മറിച്ച് വിദ്യാഭ്യാസ കാര്യമായതുകൊണ്ട് നമ്മൾ കുറെക്കൂടി പക്വതയോടും സമചിത്തതയോടുംകൂടി ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, വിദ്യാഭ്യാസ അവകാശ നിയമത്തിലെ കാര്യങ്ങൾ കേരളം മുൻപേ സാക്ഷാത്കരിച്ചിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കുകയുണ്ടായി. അത് ശരിയാണ്. സി. എച്ച്. മുഹമ്മദ് കോയ സാഹിബ് വിദ്യാഭ്യാസ മന്ത്രിയാകുന്ന സമയത്ത് സ്കൂൾ വിദ്യാഭ്യാസം സൗജന്യമാക്കി. പക്ഷേ നാം ശ്രദ്ധിക്കേണ്ടകാര്യം, നമുക്ക് ഈ നിയമം ഉപയോഗപ്പെടുത്താൻ വേറൊരു മേഖലയുണ്ട്. പ്രത്യേകിച്ചും ബഹുമാനപ്പെട്ട മന്ത്രി തന്നെ സൂചിപ്പിച്ചതുപോലെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കും മലയോര മേഖലയിലെ കുട്ടികൾക്കുമെല്ലാം നിലവാരമില്ലാത്ത വിദ്യാഭ്യാസമാണ് ലഭിക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം അവർക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് എല്ലാവർക്കും, ഒരു കുഞ്ഞ് പോലും ഒഴിഞ്ഞ് പോകാതെ, എല്ലാവരും ഈ നിയമത്തിന്റെ ആനുകൂല്യം ഉപയോഗിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ; അതിനുള്ള എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. എം. എ. ബേബി: സർ, ആദ്യമായി എനിക്ക് ബഹുമാനപ്പെട്ട അംഗത്തെ ഓർമ്മിപ്പിക്കാനുള്ളത്, കഴിഞ്ഞ വർഷം എഡ്യൂക്കേഷൻ ഇനിഷ്യേറ്റീവ്സ് എന്നുപറയുന്ന ഒരു സ്വതന്ത്ര വിദ്യാഭ്യാസ പഠന സംഘം ഇന്ത്യയിലെ 18 സംസ്ഥാനങ്ങളിലെ ഗവൺമെന്റ് സ്കൂളുകളിലെ പഠനനിലവാരത്തെ കുറിച്ചും എത്രമാത്രം ഫലപ്രദമായിട്ടാണ് കുട്ടികൾ പഠിക്കുന്നത് എന്നെല്ലാം പഠിച്ചപ്പോൾ കേരളം ശാസ്ത്രത്തിലും ഭാഷയിലും മറ്റെല്ലാ സംസ്ഥാനങ്ങളേയും അപേക്ഷിച്ച് വളരെ വളരെ മുൻപിലാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൽ നമ്മളെല്ലാം അഭിമാനം കൊള്ളണം. അതുകൊണ്ട് നമ്മുടെ പഠന നിലവാരം താഴോട്ട് പോകുകയല്ല മുകളിലോട്ട് പോകുകയാണ്. നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി നമ്മൾ നടത്തുന്ന ശ്രമങ്ങൾ വിജയം കണ്ടുകൊണ്ടിരിക്കുന്നു എന്നാണ് അഖിലേന്ത്യാ പഠനം തെളിയിക്കുന്നത്. രണ്ടാമത്തെ ചോദ്യത്തിനുള്ള മറുപടി, ഈ ഗവൺമെന്റ് മെമ്പറുടെ നിർദ്ദേശം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി

2(*92) ശ്രീ. കെ. വി. കുഞ്ഞിരാമൻ:
ശ്രീമതി ജെ. അരുന്ധതി:
ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി നേടിയെടുക്കുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലയാളത്തിന്റെ പ്രാചീനതയും, ക്ലാസിക്കൽ പദവിക്കുള്ള അർഹതയും വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ടോ ;

(സി) മലയാള ഭാഷാപഠനത്തിനും ഗവേഷണത്തിനും പ്രാമുഖ്യം നൽകുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ബേബി) : സർ,

(എ&ബി) മലയാളത്തിന് ക്ലാസിക്കൽ പദവിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി 19-2-2009-ൽ ഒരു സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. ഈ സമിതിയിൽ പ്രമുഖ സാഹിത്യകാരൻമാരെയും ഭാഷാ പണ്ഡിതരെയും ഉൾപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് സാഹിത്യ അക്കാഡമിയെ ചുമതലപ്പെടുത്തുകയും ചെയ്തു. 29-4-2010-ൽ ചേർന്ന സമിതിയുടെ യോഗ തീരുമാനപ്രകാരം 2010 മേയ് 5-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള പ്രതിപക്ഷ നേതാവ് ഉൾക്കൊള്ളുന്ന പ്രത്യേക പ്രതിനിധി സംഘം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ സന്ദർശിച്ച് മലയാളത്തിന് ക്ലാസിക്കൽ പദവി നൽകണമെന്ന് ആവശ്യപ്പെടുന്ന നിവേദനം സമർപ്പിക്കുകയുണ്ടായി. കേരളത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്നാണ് പ്രധാനമന്ത്രി ഉറപ്പ് നൽകിയിട്ടുള്ളത്. തുടർ നടപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രവർത്തക സമിതി രൂപീകരിച്ച് 6-7-2010-ൽ ഉത്തരവായിട്ടുണ്ട്. ഈ സമിതിയിൽ ബഹുമാനപ്പെട്ട ഭക്ഷ്യ-സിവിൽസപ്ലൈസ് വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനും, വിദ്യാഭ്യാസ സാംസ്ക്കാരികകാര്യ വകുപ്പുമന്ത്രി കൺവീനറുമാണ്. കൂടാതെ ഡോ. സുകുമാർ അഴീക്കോട്, പ്രൊഫ. ഒ.എൻ.വി. കുറുപ്പ്, ശ്രീ. എം.ടി വാസുദേവൻ നായർ, ഡോ. പുതുശ്ശേരി രാമചന്ദ്രൻ, പ്രൊഫ. എം. ലീലാവതി, ശ്രീമതി സുഗതകുമാരി, ശ്രീമതി പി. വത്സല, ശ്രീ. എം. എൻ. കാരശ്ശേരി, പ്രൊഫ. സ്കറിയ സക്കറിയ എന്നിവർ അംഗങ്ങളുമാണ്. തിരുവനന്തപുരത്തെ ഇന്റർനാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സിൽ ഡോ. പുതുശ്ശേരി രാമചന്ദ്രന്റെ നേതൃത്വത്തിൽ ക്ലാസിക്ക് ഭാഷാ പദവിക്ക് മലയാളത്തിന്റെ അർഹത തെളിയിക്കുന്ന രേഖകൾ തയ്യാറാക്കി പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) ഗവൺമെന്റിന്റെ പരിഗണനയിലാണ് ഏറ്റവും ഒടുവിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ 10 കോടി രൂപ മലയാള ഭാഷയുടെ വളർച്ചയ്ക്ക് വിവിധ പദ്ധതികൾ നടപ്പാക്കാൻ വേണ്ടി നീക്കിവച്ചിട്ടുണ്ട്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, മലയാള ഭാഷയ്ക്ക് ക്ലാസിക്ക് ഭാഷാ പദവി കിട്ടാൻ എല്ലാ അർഹതയുമുള്ള ഭാഷയാണ്. ഈ ഭാഷയുടെ കാവ്യ ഭംഗിയുടേയും ഗാംഭീര്യത്തിന്റെയും മുന്നിൽ അമ്പരന്ന് നിന്നുകൊണ്ട് ചങ്ങമ്പുഴ 'കാവ്യനർത്തകി'-യിൽ ഒന്ന്-രണ്ട് വരികൾ കുറിച്ചിട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

"നിർന്നിമേഷനായ്

നിൽപ്പതഹോ ഞാനിദം

നിന്നർത്തനമെന്തദ്ഭുത മത്രവധം" എന്നു ചോദിച്ചുകൊണ്ട് ക്ലാസിക്ക് ഭാഷാ പദവി മലയാളത്തിന് ലഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളിൽ ഏതെങ്കിലും മലയാള ഭാഷയ്ക്ക് ചേരാത്തതായിട്ടുണ്ടോ; അങ്ങനെ എന്തെങ്കിലും പോരായ്മ സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ കേന്ദ്ര ഗവൺമെന്റ് ചൂണ്ടിക്കാണിച്ചിട്ടുണ്ടോ ?

ശ്രീ. എം. എ. ബേബി: സർ, ഇന്ത്യയിൽ ഒരു ഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിക്കാൻ മുഖ്യമായും അടിസ്ഥാനമായി നാല് മാനദണ്ഡങ്ങളാണ് കേന്ദ്ര സാഹിത്യ അക്കാഡമിയുടെ സഹായത്തോടുകൂടി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതിൽ എല്ലാ വശത്ത് നിന്ന് പരിശോധിച്ചാലും മലയാള ഭാഷയ്ക്ക് ക്ലാസിക്ക് പദവിക്ക് അർഹതയുണ്ട് എന്ന് തെളിയിക്കുന്ന രേഖകളും വസ്തുതകളും സമാഹരിച്ചുകൊണ്ടാണ് ഏതാണ്ട് 769 പേജ് ദൈർഘ്യമുള്ള റിപ്പോർട്ട് പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ളത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, മുഖ്യമന്ത്രി അദ്ധ്യക്ഷനായും സാഹിത്യകാരന്മാരും ഒക്കെ ഉൾക്കൊള്ളുന്ന ഈ സമിതി ഒരു സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു എന്ന് മന്ത്രി പറഞ്ഞു. ആ റിപ്പോർട്ട് സമർപ്പിച്ചിട്ട് മാസങ്ങളാവുകയാണ്. അതിനോട് കേന്ദ്രത്തിന്റെ ഏതെങ്കിലും വിധത്തിലുള്ള പ്രതികരണം ഈ സമയത്തിനകം ലഭിച്ചിട്ടുണ്ടോ?

ശ്രീ. എം. എ. ബേബി: സർ, ഈ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ പ്രധാനമന്ത്രി പറഞ്ഞത്, ഭാഷാ പണ്ഡിതന്മാരും സാഹിത്യകാരന്മാരുമൊക്കെ അടങ്ങുന്ന ഒരു വിദഗ്ദ്ധ സംഘം ഇപ്പോൾ തന്നെ നിലവിലുണ്ട്, ആ വിദഗ്ദ്ധ സംഘത്തിന്റെ പരിശോധനയ്ക്ക് ഈ രേഖകൾ സമർപ്പിക്കുന്നതാണ് എന്നാണ്. ബാക്കി എന്ത് സംഭവിക്കുന്നു എന്നുള്ളത് നമുക്ക് സൂക്ഷമമായി നിരന്തരം നോക്കിക്കൊണ്ടിരിക്കേണ്ട കാര്യമില്ല. വളരെ വേഗം തന്നെ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീമതി ജെ. അരുന്ധതി: സർ, മലയാള ഭാഷ ക്ലാസിക്കൽ പദവിയിലേയ്ക്ക് ഉയരുമ്പോൾ അതിന്റേതായിട്ടുള്ള രീതിയിൽ സ്കൂളുകളിൽ പഠനം നടത്തുന്നതിനാവശ്യമായിട്ടുള്ള പരിജ്ഞാനം അദ്ധ്യാപകർക്ക് ലഭ്യമാക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; കേന്ദ്രീയ വിദ്യാലയങ്ങളിൽ അത്തരത്തിൽ നടപടികൾ സ്വീകരിക്കാൻ ആവശ്യമായ എന്തെല്ലാം സംവിധാനങ്ങളാണ് ചെയ്തിട്ടുള്ളത്?

ശ്രീ. എം. എ. ബേബി: സർ, കേരളത്തിലെ സ്കൂളുകളിൽ കേരള സിലബസ്സനുസരിച്ച് മലയാള ഭാഷ പഠിപ്പിക്കുന്നതിനുള്ള നല്ല സംവിധാനങ്ങളുണ്ട്. നിരന്തരം ഇത് മെച്ചപ്പെടുത്തേണ്ടതുണ്ട്. അദ്ധ്യാപകരുടെ ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിന് അദ്ധ്യാപക പരിശീലനവും കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് കേന്ദ്രീയ വിദ്യാലയങ്ങളുടെ അവസ്ഥയാണ്. അത്

LIBRARY ARCHIVES Kerala Legislative Assembly

വളരെയധികം ദുഃഖകരമാണ്. ഹിന്ദി മേഖലയിൽ ഒഴികെ കേന്ദ്രീയ വിദ്യാലയങ്ങളിലൊന്നും കേന്ദ്രീയ വിദ്യാലയം നിലനിൽക്കുന്ന സംസ്ഥാനത്തിലെ ഭാഷ പഠിപ്പിക്കാനുള്ള സംവിധാനം ഇപ്പോൾ ഇല്ല. ഹിന്ദി മേഖലയിൽ നിലനിൽക്കുന്ന സ്കൂളുകളിൽ ഹിന്ദി പഠിപ്പിക്കുന്നുണ്ട്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലോ ബംഗാൾ, ആസ്സാം പോലെയുള്ള സംസ്ഥാനങ്ങളിലോ ഒന്നും അവിടുത്തെ ഭാഷകൂടി പഠിക്കാനുള്ള സംവിധാനമില്ല. നമ്മൾ ഇക്കാര്യം നിരന്തരം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. തുടർന്നും ഈ കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിക്കാനുള്ള ശ്രമത്തിന്റെകൂടെത്തന്നെ കേരളത്തിലെ വിദ്യാലയങ്ങളിൽ ക്ലാസിക്കൽ കൃതികൾ പാഠ്യപദ്ധതിയിൽപ്പെടുത്തുക എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ടതാണ്. അതോടൊപ്പംതന്നെ ഇന്ന് കേരളത്തിൽ മലയാള ഭാഷാ പഠനവും മലയാള ഭാഷയുടെ ഉപയോഗവും നിരോധിച്ചിട്ടുള്ള ചില സ്കൂളുകളുണ്ട്. ക്ലാസിക്കൽ പദവിക്കുകൂടി ശ്രമിക്കുന്ന ഈ സന്ദർഭത്തിൽ മലയാള ഭാഷ ഉപയോഗിക്കുന്നവരെത്തന്നെ ശിക്ഷിക്കുന്ന രൂപത്തിലുള്ള നിലപാട് സ്വീകരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരായി കർശനമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരുമോ?

ശ്രീ. എം. എ. ബേബി: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെയുള്ള പ്രശ്നം നിലനിൽക്കുന്നുവെന്നുള്ളത് കണക്കിലെടുത്തുകൊണ്ടാണ് ഡോ. ആർ.വി.ജി. മേനോൻ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ വിദ്യാഭ്യാസ വകുപ്പ് നിയോഗിച്ചത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, സി.ബി.എസ്.ഇ. ആകട്ടെ ഐ.സി.എസ്.ഇ. ആകട്ടെ, അവിടെയെല്ലാം മലയാളം പഠിപ്പിച്ചിരിക്കണമെന്ന നിർദ്ദേശം ഈ കമ്മിറ്റി തന്നിട്ടുണ്ട്. അത് നടപ്പാക്കാനാവശ്യമായ നടപടി ഈ ഗവൺമെന്റ് സ്വീകരിക്കും.

ശ്രീമതി കെ. കെ. ലതിക: സർ, മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്ന ഈ സന്ദർഭത്തിൽ മലയാള ഭാഷയും കേരള സംസ്ക്കാരവും പഠിപ്പിക്കുന്നതിന് മലയാള സർവ്വകലാശാല രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എ. ബേബി: സർ, മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിക്കാനുള്ള ശ്രമങ്ങൾ നമ്മൾ നടത്തുകയാണ്. ക്ലാസിക്കൽ പദവി ലഭിച്ചാലും ഇല്ലെങ്കിലും മലയാള ഭാഷയേയും സാഹിത്യത്തേയും ശക്തിപ്പെടുത്താൻ നാം എന്തൊക്കെയാണ് ചെയ്യേണ്ടതെന്ന് പരിശോധിക്കാൻവേണ്ടി പ്രൊഫ. ഒ.എൻ.വി. കുറുപ്പ് ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റി ഒരു മലയാള ഭാഷാ സർവ്വകലാശാല സ്ഥാപിക്കേണ്ടതുണ്ടോയെന്ന കാര്യമടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകുമെന്നാണ് വിചാരിക്കുന്നത്. എന്തായാലും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ ബഡ്ജറ്റിൽ 10 കോടി രൂപയാണ് മലയാള ഭാഷയെ ശക്തിപ്പെടുത്താൻവേണ്ടി നീക്കിവച്ചിരിക്കുന്നത്. അതുകൊണ്ട് സർവ്വകലാശാലപോലും വേണമെങ്കിൽ സ്ഥാപിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: സർ, മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിക്കുന്നതിനുവേണ്ടിയുള്ള ഗവൺമെന്റിന്റെ ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. ഭൂതകാലത്തുനിന്ന് വർത്തമാനകാലത്തിലേക്കും വർത്തമാനഭാവിയിലേക്കുമാണ് നമ്മൾ നടന്നടുക്കുന്നത്. ഭാവിയിൽ ഭാഷ നിലനിൽക്കുന്നത് പുതിയ തലമുറ പഠിക്കണം. അങ്ങ് ഒരുപാട് കമ്മിറ്റികളെ വച്ചിട്ടുണ്ട്. അതും നല്ലതുതന്നെ, ഞാൻ അതിനെ അഭിനന്ദിക്കുന്നു. കേരളത്തിന് പുറത്തുള്ള മറ്റ് ഭാഷകൾക്ക് ക്ലാസിക്കൽ പദവി ലഭിച്ചതിന്റെ പുറകേ നമ്മൾ ഓടുകയാണ്. ആ സംസ്ഥാനങ്ങളെല്ലാം അവരുടെ മാതൃഭാഷ അന്യസംസ്ഥാനങ്ങളിൽ ജീവിക്കുന്ന കുട്ടികളെ പഠിപ്പിക്കാൻ ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് എന്ത് നടപടി എടുത്തിട്ടുണ്ട്? അതോടൊപ്പംതന്നെ ഏറ്റവും കുറഞ്ഞത് നമ്മുടെയൊക്കെ വീടുകളിലുള്ള കുട്ടികളെങ്കിലും സെക്കന്റ് ലാംഗ്വേജ് മലയാളം എടുക്കാനുള്ള ആത്മാർത്ഥത കാണിച്ച് മറ്റ് ആളുകൾക്ക് പ്രചോദനമുണ്ടാക്കാൻ കഴിയുമോ? ഭാഷ നിലനിൽക്കണമെങ്കിൽ ക്ലാസിക്കൽ പദവിമാത്രം ലഭിച്ചാൽപോരാ.

ശ്രീ. എം. എ. ബേബി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത് വളരെ ശരിയാണ്. അദ്ദേഹം രണ്ടാമത് പറഞ്ഞ കാര്യത്തിനുള്ള മറുപടിയാണ് ഞാൻ ആദ്യം പറയുന്നത്. മലയാള ഭാഷയുടെ പ്രാധാന്യത്തെ കുറിച്ച് പറയുമ്പോൾ കേരളീയ സമൂഹത്തിൽ ജീവിക്കുന്നവർ നമ്മുടെ മക്കളെ മലയാളം പഠിപ്പിക്കാനും മലയാള ഭാഷയോട് സ്നേഹമുള്ളവരായി വളർത്താനും വേണ്ട നടപടിയെടുത്തിട്ടുവേണം നമ്മൾ ഈ പ്രഭാഷണങ്ങൾ നടത്താനെന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന്റെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. കേരളത്തിന് പുറത്തുള്ള മലയാളികൾക്ക് മലയാള ഭാഷ പഠിക്കാൻ ഒരുപാട് ക്രമീകരണങ്ങൾ നമ്മൾ ഉണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായ ഔദ്യോഗിക ഭാഷയെ സംബന്ധിച്ചുള്ള കമ്മിറ്റി .....(തടസ്സം)..... മുഖ്യമന്ത്രിയെ പങ്കെടുപ്പിച്ചുകൊണ്ട് വളരെ വിപുലമായ നടപടികൾ കൈക്കൊണ്ടുവരികയാണ്.

ശ്രീ. പി. വിശ്വൻ: സർ, മലയാള ഭാഷ അമ്മിഞ്ഞപ്പാലിന് തുല്യമാണ്. എന്നാൽ മലയാള ഭാഷയെ കൊന്നുകൊണ്ടിരിക്കുകയാണ്. ഔദ്യോഗിക ഭാഷയായി മലയാള ഭാഷ പ്രഖ്യാപിച്ചിട്ടുപോലും സെക്രട്ടേറിയറ്റ് മുതൽ താഴോട്ട് വില്ലേജുതലം വരെയുള്ള വിവിധ വകുപ്പുകളിൽ 60-70 ശതമാനം മാത്രമേ പുരോഗതി ഉണ്ടായിട്ടുള്ളൂ. അത് മാറ്റിയെടുക്കാൻ നല്ല ഇടപെടൽ സർക്കാർ നടത്തുമോ. പുതിയ പദകോശമുണ്ടാക്കാൻ വേണ്ടതുപോലെ ഈ രംഗത്തെ സെല്ലുകൾ പ്രവർത്തിക്കുന്നില്ല. ഞാൻ അത് വൈകാരികമായി പറയുന്നതല്ല. പെട്ടെന്ന് മൊബൈൽ മാറ്റണമെന്നോ 'കൈപേശി' ആക്കണമെന്നോ 'കൈക്കൊമ്പൽ' ആക്കണമെന്നോ ഒന്നും ഞാൻ പറയുന്നില്ല. പദകോശങ്ങളുണ്ടാക്കുന്നതിനുള്ള പുത്തൻ സെല്ലുകളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ ?

ശ്രീ. എം. എ. ബേബി: സർ, വള്ളത്തോൾ നാരായണമേനോൻ എഴുതിയിട്ടുണ്ട്,

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്യന് പെറ്റമ്മ തൻ ഭാഷ താൻ.." ബഹുമാനപ്പെട്ട അംഗം പറഞ്ഞതിന്റെ സാരാംശവും അതാണ്. അത് മലയാള ഭാഷയെ കൂടുതൽ ശക്തിപ്പെടുത്താനും സ്വീകരിക്കാനും ..... ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുകയാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് ഉറപ്പ് നൽകിയതാണ് ഒന്ന്, മലയാള സർവ്വകലാശാല സ്ഥാപിക്കുമെന്നും രണ്ട്, പ്ലസ് ടു വരെ മലയാളം നിർബന്ധ പഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുമെന്നും. ശ്രീ. ആർ.വിജി. മേനോനും ശ്രീ. ഒ.എൻ.വി. കുറുപ്പും മോശക്കാരാണെന്ന് ഞാൻ പറയുന്നില്ല. ക്ലാസിക്കൽ പദവി നേടുന്നത് നല്ലതുതന്നെയാണ്. പക്ഷേ വീട്ടുചോറ് ഇല്ലാത്തവർക്ക് എങ്ങനെയാണ് വിരുന്നു ചോറ് കിട്ടുന്നത്; അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉറപ്പ് പാലിക്കാൻ ഈ സർക്കാർ കുറഞ്ഞ സമയത്തിനുള്ളിൽ തയ്യാറാകുമോ ?

ശ്രീ. എം. എ. ബേബി: സർ, ഞാൻ നേരത്തെ വ്യക്തമാക്കിയതാണ്. 10 കോടി രൂപ ഉപയോഗിച്ചുകൊണ്ട് ഉടനടി അന്തർ സർവ്വകലാശാലാകേന്ദ്രം സ്ഥാപിക്കാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അന്തർ സർവ്വകലാശാലകേന്ദ്രം ഒരു സർവ്വകലാശാലയുടെ സ്വാതന്ത്ര്യത്തോടുകൂടി മലയാള ഭാഷയെ മുന്നോട്ടുകൊണ്ടുപോകാൻ സഹായകരമാകും. ആ കാര്യത്തിൽ യാതൊരു സംശയവുംവേണ്ട. അതുകൊണ്ട് വീട്ടുചോറിന്റെയും വിരുന്നുചോറിന്റെയും പ്രശ്നം ഉണ്ടാകുന്നില്ല.

ഖാദി ഗ്രാമവ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ നടപടി

3(*83) ശ്രീ. വി. പെന്താമരാക്ഷൻ:
ശ്രീ. സി. കെ. പി. പത്മനാഭൻ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമവ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഖാദിക്ക് കേന്ദ്ര റിബേറ്റ് അനുവദിക്കുന്നുണ്ടോ; സംസ്ഥാന സർക്കാർ എത്ര ശതമാനം റിബേറ്റ് അനുവദിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly